"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 എന്നീ തസ്തികകളിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള ജീവനക്കാരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.263/2024/SJD തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-

1. 25.02.2017-ലെ സ. ഉ. (പി) നമ്പർ. 3/2017/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ്.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 07.11.2024-ലെ എസ്.ജെ.ഡി /5496/2024-ഇ.1 നമ്പർ. കത്ത്
3. 12.12.2024-ലെ സ. ഉ. (സാധാ) നമ്പർ. 257/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതിവകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 എന്നീ തസ്തികകളിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ ഡയറക്ടർ ക്ഷണിക്കുകയും ജീവനക്കാരിൽനിന്നുള്ള അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള കരടുലിസ്റ്റ് പരാമർശം 2-പ്രകാരം സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുംചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. സാമൂഹ്യനീതിവകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I, പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള കരടുപട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്ത് ഉത്തരവാകുന്നു. സർക്കാർ ജീവനക്കാരുടെ ഓൺലൈൻ (സ്പാർക് സോഫ്റ്റ്‌വെയർ) മുഖാന്തരമുള്ള പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരാമർശം 1-പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം *കരട്* ഉത്തരവ് വകുപ്പിൻറെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഫയൽ ചെയ്യുന്നതിനായി ഏഴുദിവസം സമയം അനുവദിക്കേണ്ടതുമാണ്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി സർക്കാരിൽ ലഭ്യമാക്കുന്നതിന്

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം 3-പ്രകാരമുള്ള സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദുചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 17-12-2024 16:56:56
സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ ജീവക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള കരട് ലിസ്റ്റ്**

**പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1**

| ക്രമ നം | പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തിക | സ്ഥലംമാറ്റം നല്കി നിയമിക്കാവുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. സിജു. ബെൻ<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I<br>പ്രൊബേഷൻ ഓഫീസ് ഇടുക്കി | പ്രൊബേഷൻ ഓഫീസ് പത്തനംതിട്ട |
| 2 | ശ്രീ. ഗിഫ്റ്റ്സൺ രാജ്.എസ്<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I<br>പ്രൊബേഷൻ ഓഫീസ് തൃശ്ശൂർ | പ്രൊബേഷൻ ഓഫീസ് തിരുവനന്തപുരം |
| 3 | ശ്രീമതി. രോഷ്നി.ആർ<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I<br>പ്രൊബേഷൻ ഓഫീസ് പാലക്കാട് | പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ |
| 4 | ശ്രീമതി. രാഗപ്രിയ. കെ.ജി<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I<br>പ്രൊബേഷൻ ഓഫീസ്, മലപ്പുറം | പ്രൊബേഷൻ ഓഫീസ്, തൃശ്ശൂർ |
| 5 | ശ്രീ ആനന്ദൻ കെ<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1<br>കാസർഗോഡ് | പ്രൊബേഷൻ ഓഫീസ് പാലക്കാട് |

<u>പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2</u>

| ക്രമ നം | പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തിക | സ്ഥലംമാറ്റം നല്കി നിയമിക്കാവുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ. ബെൻസൻ ഡേവീസ്<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2<br>പ്രൊബേഷൻ ഓഫീസ് തൃശ്ശൂർ | പ്രൊബേഷൻ ഓഫീസ് , എറണാകുളം |
| 2 | ശ്രീമതി. രമ്യ. ആർ<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2<br>പ്രൊബേഷൻ ഓഫീസ് മലപ്പുറം | പ്രൊബേഷൻ ഓഫീസ് , ആറ്റിങ്ങൽ |
| 3 | ശ്രീ. ബിബിൻ ജോസ്<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2<br>പ്രൊബേഷൻ ഓഫീസ് കോഴിക്കോട് | പ്രൊബേഷൻ ഓഫീസ് എറണാകുളം |
| 4 | ശ്രീ. ശ്രീനാഥ് എൻ. കുറ്റമ്പിള്ളി<br>പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2<br>പ്രൊബേഷൻ ഓഫീസ് കണ്ണൂർ | പ്രൊബേഷൻ ഓഫീസ് തൃശ്ശൂർ |

17-12-2024 സൺദേവ്. എൻ

ജോയിന്റ് സെക്രട്ടറി